# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2537 — 01.04.2013 -ൽ മറുപടിയ്ക്ക്

## എംപ്ലോയബിലിറ്റി സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ.കെ.ശശീന്ദ്രൻ**<br>**ശ്രീ. തോമസ് ചാണ്ടി** | | **ശ്രീ.ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യ പരിശീലന കേന്ദ്രങ്ങളാക്കി (എംപ്ലോയബിലിറ്റി സെന്റർ) മാറ്റുന്നതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളാക്കി (എംപ്ലോയബിലിറ്റി സെന്റർ) മാറ്റുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ :-<br>(i) 2012-13 സാമ്പത്തിക വർഷം എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്ന കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള നവീന പ്രവർത്തനങ്ങൾ നടത്തി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ മുഖഛായ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>(ii) എംപ്ലോയബിലിറ്റി സെന്റർ മുഖേന രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ കഴിവുകൾ ശാസ്ത്രീയമായി വിശകലനം ചെയ്തുകൊണ്ട്, അവർക്കുള്ള സ്കിൽ ഗ്യാപ്പുകൾ കണ്ടെത്തി, അതിനനുസൃതമായി പരിശീലനം നൽകുകയും അവരെ ജോലിക്ക് പ്രാപ്തരാക്കുകയും ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>(iii) പരിശീലനം ലഭിച്ച് ജോലിക്ക് പ്രാപ്തരായ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ ജോലി, തൊഴിൽ ദാതാക്കളുമായി സഹകരിച്ചുകൊണ്ടും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചുകൊണ്ടും കണ്ടെത്തി അവർക്ക് തൊഴിൽ നേടി കൊടുക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഒന്നാം ഘട്ടത്തിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (ബി) | കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ . |

| | | | |
|---|---|---|---|
| (സി) | എംപ്ലോയബിലിറ്റി സെന്ററുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്ത് ചെലവ് വരുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്; വ്യക്തമാക്കുമോ? | (സി) | ഈ സാമ്പത്തിക വർഷം എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്ന കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ 1,19,60,000 രൂപ (ഒരു കോടി പത്തൊൻപത് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ